**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1361** **04-07-2022 - ൽ മറുപടിയ്ക്ക്**

**എയ്‌ഡഡ് സ്കൂൾ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്‌ഡഡ് മേഖലയിലെ അധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 18.11.2018 ലെ സ.ഉ(പി) നം.18/2018/സാ.നീ.വ ഉത്തരവിലെ ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്‌ഡഡ് നിയമനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08.11.2021 ൽ സ.ഉ(പി)നം.19/2021/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് 25.06.2022 ലെ സ.ഉ(കൈ)നം.111/2022/പൊ.വി.വ ഉത്തരവിലൂടെ സംവരണം എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | 2019 മുതൽ പ്രസ്തുത മേഖലയിൽ അധ്യാപക നിയമനം അംഗീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യു.പി(സി) നം.19808/2021 കേസിൽ 23.09.2021 ലെ ഇടക്കാല വിധിന്യായം പ്രകാരം നിയമനം അംഗീകരിക്കുന്നതിന് സ്റ്റേ നൽകിയിട്ടുണ്ട്. ആയതിനാൽ നിയമനം അംഗീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ